(ബി) ഉണ്ട്. 40,71,47,472 രൂപ സ്വരൂപിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ കോർപറേറ്റുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും സംഭാവന ശേഖരിച്ചതിന് പുറമെ സ്റ്റാമ്പ് വിൽപ്പനയിലൂടെയും ഫണ്ട് സമാഹരിച്ചിട്ടുണ്ട്.

(ഡി) ഫണ്ട് സമാഹരിക്കുന്നതിലൂടെ ലഭിക്കുന്ന തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സാമൂഹ്യ സുരക്ഷാമിഷന്റെ പേരിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് നമ്പർ 15146- ൽ നിക്ഷേപിക്കുകയും മിഷൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതി ചെലവുകൾക്ക് സർക്കാരിൽ നിന്നും അനുവദിച്ച് ലഭിക്കുന്ന തുക മതിയാകാതെ വരുന്ന സന്ദർഭത്തിൽ സമാഹരിച്ചിട്ടുള്ള ഫണ്ട് വിനിയോഗിക്കുകയും ചെയ്യുന്നു.

കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

311 (3598) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി പൂർണ്ണമായും കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഇവയ്ക്ക് ഓരോന്നിനും നടപ്പു വർഷം എത്ര വീതം തുകയാണ് നീക്കി വച്ചിട്ടുള്ളത് ;

(സി) ഈ സ്കീമുകളുടെ ഒക്ടോബർ മാസം വരെയുള്ള നിർവ്വഹണ പുരോഗതി അറിയിക്കാമോ ?

<u>ഉത്തരം</u>

(എ-സി) സാമൂഹികനീതി വകുപ്പ് ഡയറക്ടർ നിവ്വഹണ ഉദ്യോഗസ്ഥനായി പൂർണ്ണമായും കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളും, അവയ്ക്ക് ഓരോന്നിനും നടപ്പു വർഷം നീക്കി വച്ചിട്ടുള്ള തുകയുടേയും, പ്രസ്തുത സ്കീമുകളുടെ ഒക്ടോബർ മാസം വരെയുള്ള നിർവ്വഹണ പുരോഗതിയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പൂർണ്ണമായും കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ	ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ)	നിർവ്വഹണ പുരോഗതി(ലക്ഷത്തിൽ)
1.	കിശോരി ശക്തി യോജന	191.4	89.95
2.	കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി	1650	ഒക്ടോബർ മാസം വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ നവംബർ മാസം പ്രസ്തുത പദ്ധതി പ്രകാരം 278.385 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
3.	ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന	1000	ഒക്ടോബർ മാസം വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ നവംബർ മാസം പ്രസ്തുത പദ്ധതി പ്രകാരം 665 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

312(3599) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗവൈകല്യമുള്ളവർക്ക് സ്വയം തൊഴിൽ പദ്ധതിയ്ക്കായി എന്ത് തുക വായ്പയായി നൽകിയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) ഐ.ടി മേഖലയിൽ വികലാംഗരെ ആകർഷിക്കുന്നതിന് കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly